**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2794** **28-02-2023 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൃക്ഷസമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വൃക്ഷസമൃദ്ധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട നാല് ഗ്രാമപഞ്ചായത്തുകളിലെ താഴെ പറയുന്ന സ്ഥലങ്ങളിൽ വൃക്ഷസമൃദ്ധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>1) തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് – പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട്.<br><br>2)പായിപ്പാട് ഗ്രാമപഞ്ചാത്ത് – പ്രാഥമികാരോഗ്യ കേന്ദ്രം, പായിപ്പാട്.<br><br>3) മാടപള്ളി ഗ്രാമപഞ്ചായത്ത് - പ്രാഥമിക ആരോഗ്യ കേന്ദ്രം, മാടപള്ളി.<br><br>4) കുറിച്ചി ഗ്രാമപഞ്ചായത്ത് –മന്ദിരം കവലയ്ക്ക സമീപം, എണ്ണക്കാച്ചിറ കോളനി. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (ബി) | സ.ഉ (സാധാ)നം.2373/2021/ത.സ്വ.ഭ.വ, തീയതി 24.11.2021, സ.ഉ (സാധാ)നമ്പർ. 52/2022/വനം, തീയതി 16.02.2022 എന്നീ സർക്കാർ ഉത്തരവുകൾ അടിസ്ഥാനമാക്കിയാണ് വൃക്ഷസമൃദ്ധി പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) തൊഴിലാളികളെ ഉപയോഗിച്ച് ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, MGNREGS, ഡിസ്ട്രിക്ട് എഞ്ചിനീയർ, ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വൃക്ഷസമൃദ്ധി പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതി നടപ്പാക്കുന്നതിന് വേണ്ട സാങ്കേതിക ഉപദേശം നൽകുന്നതിന് എല്ലാ ബ്ലോക്കുകളിലേയ്ക്കും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | ഡിവിഷൻ തലത്തിലേയ്ക്ക് ഒരു റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ